**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5276** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക വിജ്ഞാന വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായുള്ള ഒരു സമഗ്ര പദ്ധതിയാണ് 2023-24 കാലയളവിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. **അനുബന്ധം കണ്ടാലും.** കേരള സംസ്ഥാനത്ത് ഇദം പ്രഥമമായി കൃഷിമന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും വിദഗ്ധ സംഘവും കർഷകരുടെ കൃഷിയിടത്തിലേക്കെത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും ആ പ്രദേശത്തെ കാർഷിക പ്രശ്നങ്ങൾക്ക് അപ്പപ്പോൾ തന്നെ പരിഹാരം കണ്ടെത്തുകയും ആ പ്രദേശത്തിനായി ഒരു വികസന പരിപ്രേക്ഷ്യം തയ്യാറാക്കുകയും ചെയ്യുന്ന കൃഷി ദർശൻ പദ്ധതി 2022-2023 കാലയളവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൃഷിദർശൻ എന്ന ഈ പദ്ധതി B2B മീറ്റ് ഡി.പി.ആർ. ക്ലിനിക്ക് എന്നിങ്ങനെയുള്ള വിവിധ പരിപാടികൾ കൂടി ഉൾപ്പെടുത്തി കൂടുതൽ കാർഷിക ബ്ലോക്കുകളിൽ 2023-24 കാലയളവിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>സുരക്ഷിത ഭക്ഷ്യോത്പാദനവും തൊഴിലവസര സൃഷ്ടിയും മുൻനിർത്തി ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്". ഇതിന്റെ ഭാഗമായി സ്വയം സഹായ സംഘ മാതൃകയിൽ 25000ൽ അധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഉല്പാദനം, സേവനം, സംസ്കരണം, വിപണനം എന്നിങ്ങനെ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് അവ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കൂടാതെ കർഷക വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 2023-24 കാലയളവിൽ കൃഷിക്കൂട്ടങ്ങൾക്ക് വിവിധ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനായി വെൻചർ ക്യാപിറ്റൽ |

| | | | |
|---|---|---|---|
| | | | ഫണ്ടുകൾ നൽകുന്നതിനായി ഉദ്ദേശിക്കുന്നു. ഇതിനായി 6 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിന് പുറമെ വാർഡുതല അഗ്രോക്ലിനിക്കുകൾ നടത്തുന്നതിനായി 70 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ സാങ്കേതിക വിദ്യകൾ കൂട്ടതലായി കർഷകരിലേക്കും കർഷക കൂട്ടായ്മകളിലേക്കും എത്തിക്കാൻ ഇവ ഉപകരിക്കും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2023-24 സാമ്പത്തിക വർഷത്തിൽ കാർഷിക വിജ്ഞാന വ്യാപനസേവനങ്ങൾ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം

### (1) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ (3028.00 ലക്ഷം രൂപ)

പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ കണ്ടാലും.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) | വിശദാംശം |
|---|---|---|---|
| 1 | പരിശീലന കേന്ദ്രങ്ങൾ, ആർ.എ.ടി.ടി.സി.കൾ, എഫ്.ടി.സി കൾ എന്നിവയുടെ നവീകരണം | 50 | വിജ്ഞാനവ്യാപന സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങളുടേയും കർഷക പരിശീലന കേന്ദ്രങ്ങളുടേയും നവീകരണവും മറ്റു ആവശ്യങ്ങൾക്കുമായി നടപ്പിലാക്കുന്ന ഘടകം. |
| 2 | ആത്മ പ്രോജക്റ്റ് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തൽ, എച്ച്.ആർ പിന്തുണ, ആത്മ പ്രവർത്തനങ്ങൾ, പ്രവർത്തന സഹായം | 320 | എച്ച്.ആർ പിന്തുണ, പ്രവർത്തന ചെലവുകൾക്കുള്ള സഹായം ഉൾപ്പെടെ ആത്മാ പ്രോജക്റ്റ് ഡയറക്ടറേറ്റ് ശക്തിപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന ഘടകം. |
| 3 | ലീഡ്സിനുള്ള സഹായം | 300 | ലീഡ്സ് പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്ന ഘടകം. |
| 4 | മികച്ച പ്രകടനം കാഴ്ചവെച്ചവർക്കുള്ള അവാർഡ് | 70 | സംസ്ഥാന കർഷക അവാർഡുകൾ |
| 5 | പൊതുജന പങ്കാളിത്തം | 75 | കാർഷിക വികസന സമിതികൾ, സെമിനാറുകൾ, കർഷകദിനം, കാർഷികമേളകൾ, അവലോകനയോഗങ്ങൾ, കർഷക സംഗമങ്ങൾ, കർഷക സഭ, ഞാറ്റുവേല ചന്തകൾ എന്നിവ നടത്തുന്നതിനായി നീക്കിവെച്ചിരിക്കുന്ന ഘടകം. |

| | | | |
|---|---|---|---|
| 6 | കൃഷി പാഠശാല | 100 | കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ഫീൽഡ് തല പ്രദർശനങ്ങളിലൂടെ ജനകീയമാക്കുന്നതിനു ലക്ഷ്യമിടുന്ന പദ്ധതി ഘടകം |
| 7 | കിസ്സാൻ പദ്ധതി | 60 | ഐ.ഐ.ഐ.റ്റി.എം.കെ യുമായി സഹകരിച്ച് കൃഷി വകുപ്പ് നടത്തുന്ന കിസാൻ പ്രോജക്ട് വിജ്ഞാനപ്രദമായ പ്രതിവാര ടെലിവിഷൻ പരിപാടികളിലൂടെ കാർഷികവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള ഘടകം. |
| 8 | സ്മാർട്ട് കൃഷിഭവൻ | 1000 | കർഷക സമൂഹത്തിന് കാര്യക്ഷമവും സമയ ബന്ധിതവുമായി സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇ-ഗവേർണൻസിലൂടെയും സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെയും കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനുള്ള ഘടകം. |
| 9 | വൈഗ | 50 | കൃഷി വകുപ്പ് നടത്തി വരുന്ന അന്താരാഷ്ട്ര നിലവാരമുള്ള എക്സ്പോ. |
| 10 | കൃഷിഭവന്റെ അടിയന്തര ആവശ്യങ്ങൾക്കുള്ള ഇംപ്രെസ്റ്റ് ഫണ്ട് | 123 | കൃഷിഭവനിലും, ബ്ലോക്കുകളിലും അടിയന്തിരമായി നടപ്പിലാക്കേണ്ട അപ്രതീക്ഷിത മൂലധന ചെലവുകൾക്കായി സഹായം നൽകുന്നതിന് വേണ്ടിയുള്ള പദ്ധതി ഘടകം |

| | | | |
|---|---|---|---|
| 11 | അഗ്രോക്ലിനിക്കുകൾ (പുതിയത്) | 70 | കർഷകരുടെ കൃഷി സംബന്ധമായ പ്രശ്നങ്ങൾ പ്രാദേശികമായി ചർച്ച ചെയ്ത് പരിഹാരം ലഭ്യമാക്കുന്നതിനും, വിവിധ പദ്ധതികൾക്കായുള്ള അപേക്ഷകളുടെ ശേഖരണ കേന്ദ്രമായും പഞ്ചായത്ത് തലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അഗ്രോക്ലിനിക്കുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. |
| 12 | കൃഷി ദർശൻ പ്രോഗ്രാം(പുതിയത്) | 210 | കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽ തന്നെ കാണുന്നതിനുമായി രൂപീകരിച്ച പദ്ധതിയായ കൃഷി ദർശൻ്റെ നടത്തിപ്പിനായി വകയിരുത്തിയ തുക. |
| 13 | ഞങ്ങളും കൃഷിയിലേക്ക്- സാമൂഹിക മൂലധന സമാഹരണം (പുതിയത്) | 600 | 2023-24 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിൻ്റെ പദ്ധതികൾ ജനകീയമാക്കുകയും കർഷക സമൂഹത്തിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന് ഞങ്ങളും കൃഷിയിലേക്ക് എന്ന ജനകീയ ക്യാമ്പയിൻ മുൻ വർഷത്തിലെ പോലെ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഘടകം |
| | **ആകെ** | **3028** | |

**(2) കാർഷിക വിവരവും വിനിമയവും (600.00 ലക്ഷം രൂപ)**

കൃത്യസമയത്ത് കർഷകർക്കിടയിൽ ശാസ്ത്രീയ അറിവുകൾ പ്രചരിപ്പിക്കുന്നതിനും കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വെബ് അധിഷ്ഠിത സേവനങ്ങൾ ഉൾപ്പെടെ വിവിധ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ നൽകുന്നതിനുമായി ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് 600.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കേരളാ കർഷകൻ പ്രസിദ്ധീകരണം, ഡിജിറ്റൽ കോപ്പി പ്രിന്റിംഗ്, കേരള കർഷകൻ ജേർണലിലെ രചയിതാക്കൾക്കുള്ള ഓണറേറിയം, ഫാം ഫോട്ടോഗ്രാഫി മത്സരം, ഉപന്യാസ രചനാ മത്സരം, ഷോർട്ട് ഫിലിം മത്സരം, അവാർഡുകൾ (ഉദ്യോഗസ്ഥർ ഒഴികെ), സ്റ്റേഷനറി ചെലവുകൾ, സൈബർ വിജ്ഞാന വ്യാപനം, റേഡിയോ പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ കൂടാതെ മറ്റ്

ആശയ വിനിമയ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു.

**(3) മാനവശേഷി വികസനം (335.00 ലക്ഷം രൂപ)**

മാനവശേഷി സംരംഭങ്ങൾ, സാങ്കേതിക ഭരണനിർവ്വഹണ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് സംസ്ഥാന ദേശീയ തലങ്ങളിലെ പ്രമുഖ സ്ഥാപനങ്ങളിൽ പ്രത്യേക പരിശീലനം, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഉന്നത പഠനത്തിനുള്ള കോഴ്സ് ഫീസ് തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. സംസ്ഥാനതല പരിശീലന സ്ഥാപനമായ 'സമേതി' യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഈ പദ്ധതിയിലൂടെ സഹായം നൽകും.

KERALA AGRICULTURAL UNIVERSITY

| Annual Plan Project 2023 – 24: Details of New Projects. | |
|---|---|
| Sl. No | Name of Scheme |
| 1 | Establishment of community nursery at Sasthamkotta AKC for climate resilient agriculture |
| 2 | Fortification of Agri-tourism at RARS Pilicode through diversifying extension activities and strengthening agriculture and allied sectors |
| 3 | Enhancing biodiversity and productivity of stress-prone wetland ecosystem governed by small and marginal farmers of northern districts of Kerala. |
| 4 | Establishment of conventional Agrivoltaic systems on roof top and Agroforestry in farm- Ways to achieve intelligent net zero carbon farming |
| 5 | Collection and validation of Indigenous Technical Knowledge in relation to climate and weather |
| 6 | Scaling up of agro clinics and farm advisory services for addressing the real time problems of farmers in Thrissur district |
| 7 | Empowering various stakeholders in the fruit and vegetable value chain for postharvest handling, management, and value addition |
| 8 | A study on the status and performance of Farmer Producer Organizations (FPOs) in Wayanad |
| 9 | Impact Assessment of Weather based Agro Advisory Services in the Northern Districts of Kerala |
| 10 | Front Line Demonstration on comprehensive weedmanagement in paddy at Kazhakootam, Thiruvananthapuram |
| 11 | Elucidating the rural and semiurban farmers of Onattukara on various IFS technologies to augment agricultural production |
| 12 | Promotion of scientific rice cultivation in Kuttanad |

| | |
|---|---|
| 13 | Development of Coconut based Integrated farming system model for Northern Kerala. |
| 14 | Collection and evaluation of indigenous and endangered species of horticultural crops in northern districts of Kerala. |
| 15 | Surveying and documentation of Small- Scale Lemongrass distillers in Idukki and Wayanad districts |
| 16 | Evaluation of "Ready to use Neem Garlic Soap" (KAU Raksha) against major pests in important vegetable growing tracts of Thrissur District |
| 17 | Assessment of role and impact of primary agricultural credit societies (pacs) in achieving sustainable development in Kerala |
| 18 | On farm soil testing services to farmers |
| 19 | Tuber crop intensification in cropping systems of South central laterites of Kerala- an action research |
| 20 | Content development for popularizing the visual symptoms of macro-nutrient and major micro-nutrient deficiencies and toxicities seen in major crops grown in Kerala and their respective management techniques |
| 21 | Demonstration on soil test based secondary and micronutrient management for production and nutrient enhancement of rice in Kole lands |
| 22 | Augmenting fish Production through the popularisation of open cage culture techniques |
| 23 | Establishment of exotic fruit plants demonstration unit at ETC Manjeshwar |
| 24 | Popularizing insect pest and disease suppression in vegetable crops by improving crop health and adopting ecofriendly management strategies |
| 25 | Popularising mechanical transplanting in paddy fields of Kuttanad for the management of weedy rice |

| | |
|---|---|
| | |
| 26 | Augmenting farm income through micro entrepreneurship development in mushroom cultivation and spawn production |
| 27 | Integrated management and rejuvenation of existing coconut gardens in Kuttanad |
| 28 | Introducing 'sesame seed hub' in Onattukara - An action research approach for productivity enhancement, scientific seed production and product diversification in Sesame |
| 29 | Management of arecanut yellowing through integrated nutrient management under Wandoor AKC |
| 30 | Micro irrigation and water management techniques for enhancing water productivity |
| 31 | Enhancing skill and knowledge of farmers in hi- tech vegetable seedling production and grafting through training |
| 32 | Biodiversity enhancement of traditional and high yielding bananas - A demonstration , training cum planting material production centre of banana for farmers at FSRS Sadananadapuram |
| 33 | Eco-friendly management of coconut pest Rhinocerous beetle in Kottayam district |
| 34 | Establishment of a terrace model integrated farming system and its popularization in Thrissur and Palakkad districts |
| 35 | On farm trial on management of *Melochia corchorifolia* L in Onattukkara Sandy Plain |
| 36 | Empowerment of Attappady tribal communities by strengthening traditional farming practices |
| 37 | Saviour for coconut and banana-A team for pest and disease scouting |
| 38 | Strengthening of soil plant diagnostic advisories in problem zone of Kuttanadu |

| | |
|---|---|
| 39 | Productivity enhancement of spices |
| 40 | Promotion of underutilized leafy vegetables for food security in home gardens |
| 41 | Integrated Farming System and ecologically engineered biodiverse farm demonstration model for KVK, Thrissur |
| 42 | Model Agri-business Enterprises for Unemployed Youth: Techno-Financial Analysis |
| 43 | Institution- Village Linkage Programme for food and nutritional security through processing and utilization of indigenous food resources |
| 44 | Institution-Village Linkage Programme with focus on sustainable livelihood security of tribal communities in Kerala |
| 45 | Development of Desi fowl sanctuary - for habitat based conservation of Desi fowls with farmers participation |
| 46 | Empowering organic farmers of Pooppara tribal settlement- A Participatory approach |
| 47 | Empowerment of students in educational institutions through agricultural interventions |
| 48 | Empowerment of women and youth through urban horticulture |
| 49 | Sustaining Farmer Producer Organizations (FPOs) through technology empowerment of Farmer Interest Groups (FIGs) |
| 50 | Identification of master farmers to encourage entrepreneurship |
| 51 | Strengthening the Custom Hiring Centre for Farm Machinery at KVK, Palakkad |
| 52 | Documenting success stories of Agripreneurs in the agri clinc and agri business scheme |
| 53 | Enhancing the knowledge and skill for nursery management through training |

| | |
|---|---|
| | Strengthening Training Units at ARS, Anakkayam |
| 55 | Establishment of Community Radio Station |
| 56 | Developing a mobile application for customised advisory services for banana cultivation |
| 57 | e-Extension in floriculture through ICT and AI applications |
| 58 | 58 Development and management of specialised MOOCs on KAU info tech portal |
| 59 | Strengthening of Extension Advisory Services of Instructional Farm KCAET, Thavanur for backstopping FPOs |
| 60 | Capacity building of rural women, farmers and youth in operation and maintenance of tractor drawn lime applicator for custom hiring services |
| 61 | Strengthening Training facilities of Karshakabhavanam |
| 62 | Strengthening of existing Attappady Tribal Extension Centre |
| 63 | Establishment of climate controlled healing chamber for grafted vegetable seedling production |
| 64 | Establishment of "The State Coconut Museum" at Coconut Research Station, Balaramapuram |
| 65 | Capacity building programme in production of bakery and confectionery products for unemployed women |
| 66 | Soil testing services to the farming community of various panchayths in Trivandrum and Kollam DT- AEU 8 and 9 |
| 67 | Training and cultivation of medicinal plants and for tribal community of Attappady Block |
| 68 | Establishment of a Museum cum Knowledge Hub on black pepper at Pepper Research Station, Panniyur |
| 69 | Strengthening of aquaculture unit and construction of Demonstration unit of Biofloc in RRS, Vyttila. |
| 70 | Establishment of an economically viable IFS model at homesteads of Palakkad and Thrissur |

| | |
|---|---|
| | district. |
| 71 | Smart and comprehensive rice farming opportunities in Onattukara region through mechanization and scientific approaches |
| 72 | Capacity building programs to enhance the prospects of value addition of fruit crops in Onattukara region |
| 73 | Popularizing the entrepreneurial potential of mushroom farming through Capacity Building Programmes, product diversification and market interventions |
| 74 | Network project on Popularisation of use of Biocontrol agents for pest and disease management in crops and technological backstopping through capacity building and Input support system. |
| 75 | Kerala Agricultural University to educational institutions in Kerala |
| 76 | International Seminar on Spices |
| 77 | Stipendiary Training programme for VHSc/ Diploma/ Degree students |
| 78 | Renovation of office and laboratory buildings |
| 79 | Employment generation and capacity building by imparting training in Tissue culture and other planting material production methods for rural youths in northern districts of Kerala. |
| 80 | Establishment of a Tuber crop museum at KVK, Thrissur |
| 81 | Strengthening the *Trichogramma* production unit of North Kerala at RARS, Pilicode |
| 82 | Skill development and popularization of organic farming technologies among the farming community |
| 83 | Establishment of model demonstration unit of different composting methods at KVK Wayanad |
| 84 | Capacity building of urban college students for adoption of micro gardening |

| | |
|---|---|
| 85 | Pest guards for reinforcing farming community in selected blocks of Ernakulam and Idukki district |
| 86 | Integrated farming model with Kasargod Dwarf with farmers participation |
| 87 | Establishment of demonstration units for ecologically sustainable pest management strategies on banana plots in Iritty block, Kannur district |
| 88 | Demonstration of KAU micro nutrient mix (Sampoorna) to mitigate micronutrient deficiency in watermelon cultivation at Karinjapadi |
| 89 | Popularizing KAU technologies - an integrated approach through BLAKCs |
| 90 | AKC - Knowledge and Skill Hub as action research platform for combating weed menace and popularising wet land mechanisation- Network Project |
| 91 | Demonstration cum training centre for live feeds at KVK, Kottayam |
| 92 | Dissemination of Scientific management techniques for enhanced productivity of vegetables in Kaduthuruthy Block AKC |
| 93 | Popularisation of high yielding variety of Colocasia (Mukthakeshi) in the AKC's of Kottayam District |
| 94 | Popularization of commercial tuberose cultivation among farmers of Nemom and Nedumangad blocks through AKCs |
| 95 | Popularisation of KAU Sampoorna and Ayar in different farmer fields of AKC Anthikkad Block of Thrissur District |
| 96 | Livelihood options for rural women through promotion of Good Agricultural Practices(GAP) in Vegetable cultivation |
| 97 | Experiential Training on cultivation and value addition of mushroom for enhancing livelihood of rural women |
| 98 | Empowerment of Women through establishment of rural bio-resource centres /Technology Demonstration Centre |

| | |
|---|---|
| 99 | Rural youth and women empowerment for self- reliance through skill training in agriculture related service sector |
| 100 | Empowering and enhancing sustainable livelihoods of rural youth and women of coastal wetlands of North Kerala |
| 101 | Front line demonstration on newly released KAU varieties of selected vegetables at Nemom block, Thiruvananthapuram |
| 102 | Demonstration and field level evaluation of macropropagation technology for mass production of planting materials in banana. |
| 103 | Strengthening of vegetable seed production and popularization of kau released vegetable varieties among farmers |
| 104 | Strengthening of the mushroom spawn production unit at Krishi Vigyan Kendra, Kannur |
| 105 | Augmenting seed and planting material production at KVK Thrissur |

**Annual Plan Project 2023 – 24: Details of Continuing Projects.**

| Sl. No | Name of Scheme |
|---|---|
| 1 | Documenting Cult, Culture and Agricultural relations in Kerala |
| 2 | Strengthening of soil testing services and bio inputs production for enhancing crop productivity in Onattukara Sandy plain |
| 3 | School of Entrepreneurship Development |
| 4 | Entrepreneurship Development for Organic Vegetable Production in Peri-urban areas |
| 5 | Human Resource Development (HRD) for KAU employees |
| 6 | Annual plan projects 2020-21"MOOC (Massive Open Online courses) in Emerging Area in Agri- enterpreneurship for gainful Employability of Students, Unemployed youths, Women & Farmers in Kerala" I |

| | |
|---|---|
| 7 | Strengtheningy Technology Dissemination through Technology Micro Videos |
| 8 | Strengthening Extension and Outreach Activities - DoE, Mannuthy |
| 9 | Training programs by research stations DoE, Mannuthy |
| 10 | Infrastructure development for Technology Dissemination through ATIC |
| 11 | Strengthening the Extension and Outreach Activities of KAU through Communication Centre, Mannuthy |
| 12 | Village Adoption Programme through technology demonstrations for development of sustainable high range home gardens and livelihood security of farmers in Wayanad Kerala |
| 13 | Maintenance of Kissan Ecopark and Strengthening of Common Facilitation centre at Communication Centre Mannuthy |
| 14 | Strengthening the Technology Business Incubator at CTI, Mannuthy |
| 15 | Expansion of Central Technology Museum of Kerala Agricultural University |
| 16 | Modernization of KAU Press |
| 17 | Finishing School in Biotechnology 2023-24 |
| 18 | Support for environmental awareness and resource conservation – Haritha Keralam |
| 19 | Training on integrated farming and urban agriculture under Haritha Bhayanam project |
| 20 | Strengthening of the Plant Health Clinic established at IFSRS, Karamana for supporting Urban Agriculture |
| 21 | Supporting Subhikshakeralam programme and Block level Agricultural Knowledge Centres |
| 22 | Facilitating urban women in Thiruvananthapuram Corporation through technical and marketing support for urban agricultural initiatives |



Lyolly
സെക്ഷൻ ഓഫീസർ